ഉത്തരം

(എ) ഇല്ല. എന്നാൽ നിതാഖത് നിയമംമൂലം സൗദി അറേബ്യയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്ന മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കായി കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ പ്രത്യേക സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

(ബി) നിതാഖത് നിയമംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്ന മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലിശ കുറഞ്ഞ വായ്പ ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) വരുമാനദായകവും, നിയമപരമായി നടത്താൻ കഴിയുന്നതുമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ അനുവദിച്ചിരുന്നു.

(ഡി) 3% പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപയാണ് വായ്പ ഇനത്തിൽ സംരംഭകർക്ക് അനുവദിച്ചിരുന്നത്.

**ബോയൻ സമുദായം**

255 (4541) ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോയൻ സമുദായം 2001 വർഷം വരെ ഏതു ജാതിപ്പട്ടികയിലാണ് ഉൾപ്പെട്ടിരുന്നത് ; വ്യക്തമാക്കുമോ ;

(ബി) കോട്ടയം ജില്ലയിൽ ബോയൻ എന്ന് അറിയപ്പെടുന്ന സമുദായം ഇതര ജില്ലകളിൽ ഏത് ജാതിപ്പേരിലാണ് അറിയപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ബോയൻ സമുദായത്തെ നിലവിലുണ്ടായിരുന്ന ജാതിപ്പട്ടികയിൽനിന്ന് നീക്കം ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ബോയൻ സമുദായം 2001 വരെ പട്ടികജാതി ലിസ്റ്റിലും (Excluding the areas comprising the Malabar District as specified by Sub-section (2) of section 5 of the States Re Organization Act, 1956 (37 of 1956) ഒ.ബി.സി. ലിസ്റ്റിലും (Boyan in Malabar District) ഉൾപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോട്ടയം ജില്ലയിലും മറ്റും തെറ്റായി ബോയൻ എന്നറിയപ്പെട്ടിരുന്നവർ ഇതര ജില്ലകളിൽ ഒഡ്ഡൻ, ഒഡ്ഡനായ്ക്കൻ, നായ്ക്കൻ, മണ്ണോഡൻ തുടങ്ങിയ ജാതിപ്പേരുകളിലാണ് അറിയപ്പെടുന്നത്.

(സി) ഉണ്ട്. 'ബോയൻ' സമുദായത്തിന് അയിത്താചരണത്തിന്റെ പരിണിത ഫലമായുള്ള സാമൂഹ്യ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയില്ല എന്ന് കണ്ടെത്തിയതിനെ തുടർന്നാണ് 2002 വരെ പട്ടികജാതി ലിസ്റ്റിൽ ഉണ്ടായിരുന്ന ബോയൻ സമുദായത്തെ പ്രസ്തുത ലിസ്റ്റിൽനിന്നും ഒഴിവാക്കിയത്.

**പോസ്റ്റ് മെട്രിക് ബോയ്സ് ഹോസ്റ്റലിലെ വാച്ച്മാൻ തസ്തിക**

256 (4542) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002-ൽ നിർത്തൽ ചെയ്ത പോസ്റ്റ് മെട്രിക്ക് ബോയ്സ് ഹോസ്റ്റലിലെ വാച്ച്മാൻ തസ്തിക പുനഃസ്ഥാപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എവിടെയൊക്കെ പുനഃസ്ഥാപിച്ചിട്ടുണ്ട്? കണ്ണൂർ - കാസർഗോഡ് ജില്ലകളിൽ ഇപ്പോൾ ഈ തസ്തിക നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ സ്ഥിരം റസിഡന്റ് ട്യൂട്ടർമാർ ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സ്ഥിരം ആർ.ടി. തസ്തിക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നിർത്തൽചെയ്ത വാച്ച്മാൻ തസ്തികകൾ പുനഃസ്ഥാപിച്ചിട്ടില്ല. കണ്ണൂർ - കാസർഗോഡ് ജില്ലകളിൽ ഇപ്പോൾ വാച്ച്മാൻ തസ്തിക നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാച്ച്മാൻ നിലവിലില്ലാത്ത പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. നിലവിൽ റസിഡന്റ് ട്യൂട്ടർമാരെ ഓണറേറിയം വ്യവസ്ഥയിലാണ് നിയമിക്കുന്നത്. ഓണറേറിയം തുക കുറവായതിനാൽ പല ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരെ ലഭിക്കുന്നതിന് ബുദ്ധിമുട്ടുള്ള സ്ഥിതിയാണ്. ആയതിനാൽ പട്ടികജാതി വികസന ഓഫീസർക്ക് റസിഡന്റ് ട്യൂട്ടറുടെ അധികച്ചുമതല വഹിക്കേണ്ടതായി വരുന്നു. റസിഡന്റ് ട്യൂട്ടർ തസ്തികയിൽ മെച്ചപ്പെട്ട വേതനത്തിൽ സ്ഥിര നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly